പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3580 12.12.2014 - ൽ മറുപടിയ്ക്ക്

## വയോജന നയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വയോജന നയം രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന വയോജന നയം 2006 പരിഷ്കരിച്ച് മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനു വേണ്ടി വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിനായി കർമ്മപദ്ധതിയുടെ മാർഗ്ഗരേഖയായി മുതിർന്ന പൗരന്മാർക്കു വേണ്ടിയുള്ള സംസ്ഥാന നയം 2013 രൂപീകരിച്ചിട്ടുണ്ട്. മുതിർന്ന പൗരന്മാർക്ക് അർഹമായ സ്നേഹവും ബഹുമാനവും നൽകുന്നതോടൊപ്പം അവരുടെ ആരോഗ്യം, സാമ്പത്തിക സ്ഥിതി എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകി അഭിമാനപൂർവ്വം സമൂഹത്തിലെ ഒരംഗമായി കഴിയാനുള്ള സാഹചര്യം ഒരുക്കുന്നതിനും മുതിർന്നവരുടെ ക്ഷേമത്തിനായി നടപ്പാക്കേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നയം ലക്ഷ്യമിടുന്നു. |
| (ബി) | സംസ്ഥാനത്തെ വയോജനങ്ങളുടെ എണ്ണം സംബന്ധിച്ച് സർക്കാരിന്റെ കയ്യിൽ കണക്കുണ്ടോ; കഴിഞ്ഞ 5 വർഷങ്ങളിലെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (ബി) | 2011-ലെ സെൻസസ് പ്രകാരം സംസ്ഥാനത്തെ വയോജനങ്ങളുടെ എണ്ണം ആകെ ജനസംഖ്യയുടെ 12.83 ശതമാനമാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്. വയോജനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം സാമൂഹ്യനീതി വകുപ്പ് പ്രത്യേകമായി ശേഖരിച്ചിട്ടില്ല. |
| (സി) | സംസ്ഥാനത്ത് വയോജനങ്ങൾക്കായി സർക്കാർ നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ; | (സി) | സർക്കാർ വൃദ്ധസദനങ്ങളിലൂടെ നിർദ്ധനരും, അനാഥരും, സംരക്ഷിക്കാനാളില്ലാത്തവരുമായ വയോജനങ്ങൾക്ക് സൗജന്യമായി താമസം, ഭക്ഷണം, വസ്ത്രം, മരുന്ന് എന്നിവ നൽകുന്നുണ്ട്. സന്നദ്ധസംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങൾക്ക് സാമൂഹ്യനീതി വകുപ്പ് ഓർഫനേജ് കൺട്രോൾ ബോർഡ് വഴി ഗ്രാന്റ് നൽകുന്നുണ്ട്. വൃദ്ധജനങ്ങളുടെ ക്ഷേമത്തിനും, സുരക്ഷിതത്വത്തിനും മാനസികോല്ലാസത്തിനും വൈദ്യസഹായത്തിനും ആവശ്യമായ സൗകര്യങ്ങൾ നൽകി ഇത്തരം ആളുകളെ |

| | | | |
|---|---|---|---|
| | | | സൃഷ്ടിപരവും, ക്രിയാത്മകവുമായ വാർദ്ധക്യത്തിലേക്ക് നയിക്കുക എന്ന ലക്ഷ്യത്തോടുകൂടി കേന്ദ്രസർക്കാർ ധനസഹായത്തോടെ വൃദ്ധജനങ്ങൾക്കുള്ള സംയോജിത സംരക്ഷണ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവയ്ക്ക് കേന്ദ്രസർക്കാർ ധനസഹായം നൽകുന്നു. സംസ്ഥാനത്തെ എല്ലാ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റികളിലും 65 വയസ്സിനു മുകളിൽ പ്രായമുള്ള മുതിർന്ന പൗരന്മാർക്ക് ആരോഗ്യ പരിരക്ഷ നൽകുന്നതിനും ദൈനം ദിന ജീവിതം സുഗമമാക്കുന്നതിനും കേരള . സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന വയോമിത്രം പദ്ധതിയിൽ മൊബൈൽ ക്ലിനിക്ക്, ഹെൽപ്പ് ഡെസ്ക്ക്, ആംബുലൻസ് സൗകര്യം, തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ പാലിയേറ്റീവ് സേവനം എന്നിവ നൽകിവരുന്നു. |
| (ഡി) | ഇവരുടെ ആരോഗ്യത്തിനും മാനസികോല്ലാസത്തിനും മുൻതൂക്കം നൽകുന്ന രീതിയിലുള്ള കൂടുതൽ കേന്ദ്രങ്ങൾ, താലൂക്കുകളോ പഞ്ചായത്തുകളോ കേന്ദ്രീകരിച്ച് ആരംഭിക്കാൻ സർക്കാർ തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കുമോ ; | (ഡി) | മുതിർന്നവരുടെ ലഘുവ്യായാമത്തിനായി സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും സ്ഥലസൗകര്യങ്ങളും മറ്റ് ആരോഗ്യ വർദ്ധക സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിന് മുതിർന്ന പൗരന്മാർക്കു വേണ്ടിയുള്ള സംസ്ഥാന നയം വിഭാവനം ചെയ്യുന്നുണ്ട്. ആയവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | ഇതിനായി പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ നിശ്ചിത ശതമാനം തുക മാൻഡേറ്ററിയായി ഉൾപ്പെടുത്താൻ സർക്കാർ തയ്യാറാകുമോ; ഇതിന്മേൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം ? | (ഇ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് ഓരോ വർഷവും കുറഞ്ഞത് പദ്ധതിയുടെ 5% തുക വൃദ്ധർ, വികലാംഗർ, കുട്ടികൾ എന്നിവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി മാറ്റി വയ്ക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ